ഉത്തരം

(എ) കേരള ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ 3,89,07,64,000 രൂപ (മൂന്നൂറ്റി എൺപത്തിയൊൻപത് കോടി ഏഴ് ലക്ഷത്തി അറുപത്തി നാലായിരം രൂപ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്നും കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ 2,56,48,04,892 രൂപ (ഇരുന്നൂറ്റി അമ്പത്തിയാറ് കോടി നാല്പത്തിയെട്ട് ലക്ഷത്തി നാലായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിരണ്ട് രൂപ) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

(സി) പരസ്യത്തിനായി കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ട്രഷറിയിൽ നിന്നും 1,33,68,56,909 രൂപ (നൂറ്റിമുപ്പത്തി മൂന്ന് കോടി അറുപത്തിയെട്ടലക്ഷത്തി അൻപത്തിയാറായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ

78 (1549) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ഫീൽഡ് പബ്ലിസിറ്റി, പബ്ലിക്കേഷൻ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, പ്രസ് റിലീസ് എന്നീ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രത്യേക ജനസമ്പർക്ക മേളകൾ, പ്രദർശനങ്ങൾ, വീഡിയോവാൾ, മൊബൈൽ എക്സിബിഷൻ, സെമിനാറുകൾ, ഡോക്യുമെന്ററി, റേഡിയോ പ്രക്ഷേപണം, റെയിൽവേ-കെ.എസ്.ആർ.ടി.സി.-തിയേറ്റർ പരസ്യങ്ങൾ, പുസ്തകങ്ങൾ, ബ്രോഷറുകൾ, വീഡിയോ പരസ്യം, വീഡിയോ ഡോക്യുമെന്ററികൾ, ഓൺലൈൻ വഴിയുള്ള പരസ്യങ്ങൾ, പോസ്റ്ററുകൾ, പത്രവാർത്തകൾ, പത്രപ്പരസ്യം എന്നിവ മുഖാന്തരം സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തിക്കുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ സംബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ വിശകലനം ചെയ്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ പ്രസ്തുത റിപ്പോർട്ട് വിശകലനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കുമായി ചെലവഴിച്ച തുക

79 (1550) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും പത്ര-ദൃശ്യ-ഇതര മാർഗ്ഗങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി ഖജനാവിൽ നിന്നും ചെലവഴിച്ച ആകെ തുക സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഈ ഇനത്തിൽ പത്ര-ദൃശ്യ-ഇതര മേഖലയ്ക്ക് കൊടുത്ത് തീർക്കുവാനുള്ള ആകെ തുക എത്രയാണ്;

(സി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ എന്തെല്ലാം പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും അനുവാദം നൽകിയിട്ടുണ്ട്; വിശദമാക്കാമോ ; പ്രിന്റിംഗിൽ ഇരിക്കുന്നതും പ്രിന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രസിദ്ധീകരണങ്ങൾ ഏവ; അവ ഓരോന്നും എത്ര വീതം പ്രിന്റ് ചെയ്ത് വിതരണം ചെയ്യാനുദ്ദേശിക്കുന്നു;

(ഡി) പരസ്യങ്ങളുടെ വസ്തുതാ പരിശോധന പി.ആർ.ഡി. നടത്താറുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പത്ര-ദൃശ്യ-ഇതര മാർഗ്ഗങ്ങളിലൂടെയുള്ള പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും മാത്രമായി ഖജനാവിൽ നിന്നും ചെലവഴിച്ച ആകെ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly